ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ സബ്ജക്ട്

238 (1295) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ കേന്ദ്രനിയമത്തിന്, സംസ്ഥാന സർക്കാർ സബ്ജക്ട് റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ സബ്ജക്ട് റൂൾസിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സബ്ജക്ട് റൂൾസ് നിലവിൽ വന്നത് എന്നുമുതലാണ്; നിലവിൽ വരുന്നത് വരെ സംസ്ഥാനത്ത് എത്ര ഭൂമി ഏറ്റെടുക്കൽ നടപടികൾ പെന്റിംഗിലുണ്ടായിരുന്നു ; ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act അനുസരിച്ചുള്ള ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് പൊതു ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനായി പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ കേന്ദ്ര നിയമത്തിനെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്. റൂൾസ് നിലവിൽ വന്നിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ജില്ല തിരിച്ചുള്ള പെൻഡിംഗ് കേസുകളുടെ വിവരം താഴെ പറയുന്നു.

നമ്പർ	ജില്ല	നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ എണ്ണം
1.	തിരുവനന്തപുരം	98
2.	കൊല്ലം	36
3.	പത്തനംതിട്ട	33
4.	ആലപ്പുഴ	16
5.	കോട്ടയം	63
6.	ഇടുക്കി	23
7.	എറണാകുളം	138
8.	തൃശ്ശൂർ	50
9.	പാലക്കാട്	10
10.	മലപ്പുറം	56
11.	കോഴിക്കോട്	43
12.	വയനാട്	10
13.	കണ്ണൂർ	25
14.	കാസർഗോഡ്	13
	ആകെ	614

LIBRARY ARCHIVES Kerala Legislative Assembly